(ഡി) കേരള ലാന്റ് കൺസർവൻസി ആക്ട് 1957 പ്രകാരം നോട്ടീസ് നൽകി കൈയേറ്റക്കാരെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായം ആരായുകയും അത് ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഈ വിഷയം 20-1-2016-ൽ കൂടിയ സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി മീറ്റിംഗിലും ചർച്ച ചെയ്തു. ഈ ചർച്ചയുടെയും അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുന്നത് സംബന്ധിച്ച് പരിശോധിച്ചുവരുന്നു.

വനാവകാശ നിയമം

357 (335) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാവകാശ നിയമം നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാർ സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന് വരെ; സമയപരിധി കഴിഞ്ഞു എങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷവും വനാവകാശ നിയമപ്രകാരം വ്യക്തിഗത അവകാശത്തിന് എത്ര അപേക്ഷകളാണ് ലഭിച്ചത്; ഇതിൽ എത്ര അപേക്ഷകൾ ഗ്രാമസഭ, ഡിവിഷൻ, ജില്ലാ സമിതികൾ പാസ്സാക്കി; ഇതിൽ എത്ര അപേക്ഷകൾക്ക് റ്റൈറ്റിലുകൾ നൽകി; ഇതിൽ എത്ര അപേക്ഷകൾക്ക് പട്ടയം നൽകി; വർഷം, ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ;

(സി) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷവും വനാവകാശ നിയമപ്രകാരം സാമൂഹ്യാവശ്യങ്ങൾക്കും, ഊരുകളുടെ വികസന ആവശ്യങ്ങൾക്കും വേണ്ടി എത്ര അപേക്ഷകൾ ലഭിച്ചു; ഇതിൽ എത്ര അപേക്ഷകൾ ഗ്രാമസഭ, ഡിവിഷൻ, ജില്ലാ സമിതികൾ പാസ്സാക്കി; ഇതിൽ എത്ര അപേക്ഷകൾക്ക് റ്റൈറ്റിലുകൾ നൽകി; ഇതിൽ എത്ര അപേക്ഷകൾക്ക് പട്ടയം നൽകി; വർഷം, ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ;

(ഡി) 2011 ജൂണിന് ശേഷം വനാവകാശ നിയമപ്രകാരം ആദിവാസികൾക്ക് ഭൂമി നൽകുന്നതിനായി ഭൂസർവ്വേ നടത്തിയിട്ടുണ്ടോ; എങ്കിൽ എത്ര ഏക്കർ ഭൂമി സർവ്വേ നടത്തി; ഇതിൽ എത്ര ഏക്കർ ഭൂമി എത്ര പേർക്ക് വിതരണം ചെയ്തു; ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വനാവകാശ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി വനാവകാശ നിയമപ്രകാരമുള്ള അപേക്ഷകളിന്മേൽ 2015 ഡിസംബറിനകം തീർപ്പു കൽപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിരുന്നു. അതിന്മേൽ നോഡൽ ഏജൻസിയായ പട്ടികവർഗ്ഗ വികസന വകുപ്പ് അടിയന്തര നടപടി സ്വീകരിച്ചുവരുന്നു.

(ബി) 31-5-2011 വരെ വ്യക്തിഗത അവകാശങ്ങൾക്കായി 36123 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 32911 അപേക്ഷകൾ ഗ്രാമസഭയും, 24846 അപേക്ഷകൾ സബ് ഡിവിഷണൽ സമിതിയും, 22443 അപേക്ഷകൾ ജില്ലാതല സമിതിയും അംഗീകരിച്ച് ആകെ 16723 റ്റൈറ്റിലുകൾ നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം I ആയി ചേർക്കുന്നു*.

2011 മേയ് മുതൽ 31-12-2015 വരെ വ്യക്തിഗത അവകാശങ്ങൾക്കായി 67 അപേക്ഷകൾ അധികമായി ലഭിച്ചിട്ടുണ്ട്. ഇക്കാലയളവിൽ 969 അപേക്ഷകൾ ഗ്രാമസഭയും, 2543 അപേക്ഷകൾ സബ് ഡിവിഷൻ സമിതിയും, 3835 അപേക്ഷകൾ ജില്ലാതല സമിതിയും അംഗീകരിച്ച് ആകെ 8175 റ്റൈറ്റിലുകൾ നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു*. വനാവകാശ നിയമപ്രകാരം പട്ടയം നൽകുന്നതിന് വ്യവസ്ഥയില്ല.

(സി) ഇതുസംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു*.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

സഞ്ജീവനി ഔഷധ സസ്യത്തോട്ടം

358 (336) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ അധിനതയിലുള്ള സഞ്ജീവനി വനം എന്ന ഔഷധ സസ്യ തോട്ടത്തിന്റെ പരിപാലനത്തിന് എന്തൊക്കെ ഫണ്ടുകളാണ് വിനിയോഗിക്കുന്നതെന്നും എന്ത് പരിപാലന പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നതെന്നും വ്യക്തമാക്കുമോ; ടി ഔഷധ സസ്യതോട്ടം ഇപ്പോൾ നാശത്തിന്റെ വക്കിലാണെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത് സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; കൂടുതൽ സസ്യങ്ങൾ വച്ചു പിടിപ്പിക്കുന്നതിനും അത് സംരക്ഷിക്കുന്നതിനും പ്രോജക്ട് തയ്യാറാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.